## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .75 28-11-2018 -ൽ മറുപടിക്ക്

## പ്രളയക്കെടുതിയുടെ വിശദവിവരങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.സി. ജോസഫ്** | | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| എ) | പ്രളയക്കെടുതികളിൽ ദുരിതം അനുഭവിച്ച ജനങ്ങൾക്ക് ഇതിനോടകം എന്തെല്ലാം സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ; | എ) | സമാനതകളില്ലാത്ത രക്ഷാ പ്രവർത്തനമാണ് മഹാദുരന്തത്തിന്റെ തീക്ഷ്ണത വലിയൊരളവിൽ കുറച്ചത്. ദുരന്തബാധിതർക്കായി സംസ്ഥാനത്താകെ 5645 ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചു. ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചു. 6,80,000 (ആറുലക്ഷത്തി എൺപതിനായിരം) പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.<br>• മരണമടഞ്ഞ 435 പേരുടെ ആശ്രിതർക്ക് നാലു ലക്ഷം രൂപ വീതം അനുവദിച്ചു. അതിൽ അനന്തരാവകാശ രേഖകൾ സമർപ്പിച്ച 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്.<br>• 500 രൂപ വില വരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ദുരിതാശ്വാസ ക്യാമ്പിൽനിന്ന് മടങ്ങുമ്പോൾ ലഭ്യമാക്കിയിരുന്നു. ഇതിനു പുറമെ, ഡിസംബർ 31 വരെ ദുരന്തബാധിതരായ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും, സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകി വരുന്നു. 23.11.2018 വരെ 3,26,048 കുടുംബങ്ങൾക്കായി 16.30 കോടി രൂപ വിലവരുന്ന കിറ്റുകൾ വിതരണം ചെയ്തു.<br>• ദുരന്തത്തിൽ തകർന്ന വീടുകൾക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടത്തിന്റെ തോത് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ന് മേലെ എന്നിങ്ങനെ തരം തിരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ |

| | | | |
|---|---|---|---|
| | | | യഥാക്രമം 10,000/- രൂപ, 60,000/- രൂപ, 1,25,000/- രൂപ, 2,50,000/- രൂപ, 4,00,000 രൂപ എന്നിങ്ങനെയായി Minimum Relief Code നിർണ്ണയിച്ചിട്ടുണ്ട്.<br>• പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാലുലക്ഷം രൂപ വീതം നൽകാനാണ് തീരുമാനിച്ചത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇതിന് പുറമെ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്.<br>• കൃഷിയും കന്നുകാലിവളർത്തലും ഉപജീവനമാർഗമായി കഴിഞ്ഞ നിരവധിപേരെ സഹായിക്കുന്നതിന് സന്നദ്ധ സംഘടനകൾ മുന്നോട്ടുവന്നു. ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ഇതിനകം 49 കോടി രൂപ സഹായം നൽകി.<br>• ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ മുഖേന ഒരുലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് നൽകും. ഇതുവരെ 38,441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു<br>• പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സമയബന്ധിതമായി, സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു<br>• പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കി ലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ചു കിലോ അരി നൽകുവാൻ തീരുമാനിച്ചു.<br>• പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 564.94 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 688.48 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പതിനായിരം രൂപ വീതം ഉള്ള സഹായം ഇതിനോടകം എത്രപേർക്ക് നൽകിയെന്നുള്ള താലൂക്ക് തിരിച്ചുള്ള പട്ടിക നൽകാമോ; പ്രസ്തുത വിഭാഗത്തിൽ തീരുമാനമെടുക്കാൻ എത്ര അപേക്ഷകൾ അവശേഷിക്കുന്നുവെന്ന് അറിയിക്കുമോ; | ബി) | ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചു. 6,80,000 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ആയതിന്റെ താലൂക്ക് തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു. |
| സി) | കുട്ടനാട് താലൂക്കിൽ നെൽകൃഷി, കരകൃഷി, മത്സ്യകൃഷി, താറാവുകൃഷി എന്നിവ നഷ്ടപ്പെട്ടവർക്ക് നൽകിയ സഹായത്തിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ; | സി) | വിവരം ശേഖരിച്ചു വരുന്നു. |
| ഡി) | ഭാഗികമായോ പൂർണ്ണമായോ വീടോ വീട്ടിലെ വസ്തുവകകളോ നഷ്ടപ്പെട്ടവർക്ക് നൽകിയ സഹായത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;ഓരോ താലൂക്കിലും എത്ര വീടുകളാണ് പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ? | ഡി) | പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാലുലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇതിന് പുറമെ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്. ജീവനോപാധി നഷ്ടപ്പെട്ട വർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ മുഖേന ഒരുലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38,441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു. ആയതിന്റെ താലൂക്ക് തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ